# കേരള വികസന മാതൃക പൊളിച്ചെഴുതപ്പെടണം

മായാ പ്രമോദ്

**1.** വികസനം എന്നത് പൊതുവെ പറയുന്നത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ച എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഒരു രാജ്യം ഏതൊക്കെ മേഖലകളിൽ വളർച്ചയിൽ എത്തിയെന്നത് പ്രധാനമാണ്. സ്ത്രീകൾ അടക്കമുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ ശാക്തീകരണം സംഭവിക്കുമ്പോഴാണ് വികസനം ഉണ്ടാവുന്നത്. ശിശുമരണനിരക്ക് കുറഞ്ഞ്, കുട്ടികൾ പോഷകാഹാരമുള്ളവരായി, രാജ്യത്തിന്റെ ഉത്തമ പൗരൻമാരായി വളരുന്നതാണ് വികസനം. സ്ത്രീകൾ, ട്രാൻസ് വിഭാഗങ്ങൾ, ദലിത്, ആദിവാസി, ന്യൂനപക്ഷങ്ങൾ എന്നിവർ വ്യക്തിയെന്ന നിലയിലും, സമൂഹത്തിന്റെ ഭാഗമെന്ന നിലയിലും രാജ്യത്തിന്റെ മൂലധന രൂപീകരണ പ്രക്രിയയുടെ ഭാഗമാകുമ്പോഴാണ് ആ രാജ്യം പുരോഗതി കൈവരിക്കുന്നത്. ഒരു രാജ്യത്തെ പാർശ്വവൽകൃത ജനതയുടെ സമഗ്രമായ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ശാക്തീകരണമാണ് വികസനം. അതാണ് പ്രധാനവും.

**2.** വിഭവ ദൗർലഭ്യം എന്നതിൽ പ്രധാനം ജല ദൗർലഭ്യമാണ്. ജലത്തിന്റെ പേരിൽ ഭാവിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആഭ്യന്തര യുദ്ധങ്ങൾ നമ്മൾ കാണുന്നതാണ്. വിഭവങ്ങളുടെ വിതരണം, ഒരു വിഭാഗത്തിൽ മാത്രം കേന്ദ്രീകരിക്കുകയും, രാജ്യത്തെ പാർശ്വവൽകൃത വിഭാഗങ്ങളായ ദലിത്/ആദിവാസി/ബഹുജൻ മൈനോറിറ്റി വിഭാഗങ്ങൾക്ക് വിഭവവിതരണത്തിൽ അസന്തുലിതാവസ്ഥ അനുഭവപ്പെടുകയും ചെയ്യുന്നു. സുപ്രധാന വിഭവങ്ങളായ, വനം, ഭൂമി, ജലം എന്നിവ പുനർനിർമ്മിക്കുവാനും, അവയുടെ സന്തുലിതാവസ്ഥ നിലനിർത്താനും ദലിത്/ആദിവാസി വിഭാഗങ്ങളോളം ശേഷി ഒരു സമൂഹത്തിനും ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ആ വിഭാഗങ്ങൾ വിഭവസമാഹരണ പ്രക്രിയയിൽ നിന്നും പുറന്തള്ളപ്പെടുന്ന കാലത്തോളം വിഭവചൂഷണം പരിഹരിക്കപ്പെടില്ല.

**3.** സാമൂഹിക അസമത്വങ്ങൾ കുറക്കുന്നതിലും ലിംഗനീതി ഉറപ്പുവരുന്നതിലും ഒരുപരിധി വരെ മാത്രമേ വികസനത്തിന് സാധിക്കൂ. ഇവിടെ കാലങ്ങളായി സാമൂഹിക അസമത്വം പേറി ജീവിക്കുന്നവർ പാർശ്വവൽകൃതരായ അടിസ്ഥാന ജനവിഭാഗങ്ങളാണ്. രാജ്യത്തെ ട്രാൻസ് വ്യക്തിത്വങ്ങളുടെ വികസന പ്രക്രിയയിലെ ഇടപെടലുകൾ തുലോം കുറവാണ്. വികസനം എന്നത് ആ രാജ്യത്തെ പാർശ്വവൽകൃതരായ ജനവിഭാഗങ്ങളുടെ ജീവനും, സ്വത്തിനും, സാമൂഹിക രൂപികരണത്തിനുമുള്ള സംരക്ഷണവും കൂടിയാണ്. അവർ ആക്രമിക്കപ്പെടുന്നിടത്ത്, അവരുടെ വികസന സാധ്യതകൾ ഇല്ലാതെയാവുന്നിടത്ത്, ലിംഗനീതി ഉറപ്പാക്കുവാൻ കഴിയില്ല. കാരണം, ലോകം പുരുഷകേന്ദ്രീകൃതമായ ഒന്നാണ്. അവിടെത്തന്നെ, തൊഴിലാളി-മുതലാളി വ്യത്യാസം, ജാതി, മത, ലിംഗ വിവേചനം എന്നിവയും ഉണ്ടാകുന്നുണ്ട്. വികസന സാധ്യതകൾ ഉണ്ടാകുന്നിടത്ത് ലിംഗവിവേചനവും അസമത്വങ്ങളും ഉണ്ടാകുമ്പോൾ അതിനെതിരെ ശബ്ദമുയർത്തുവാനും തങ്ങളുടെ അവകാശം നേടിയെടുക്കുവാനും കഴിയുന്ന ഒരു തലമുറ വളർന്നുവരുന്നു എന്നതും വളരെ പ്രധാനമാണ്

**4.** കേരള വികസന മാതൃക പൊളിച്ചെഴുതപ്പെടണം എന്നു തന്നെയാണ് കരുതുന്നത്. കാരണം കേരളത്തിലെ ദലിത്/ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരെ അത് അരികുവൽക്കരിച്ചു. കേരള മോഡൽ വികസനത്തിന്റെ പ്രധാന അസമത്വം ജാതിക്കോളനികൾ തന്നെയാണ്. ജനങ്ങളുടെ സംഘടിതമായ സാമൂഹികവികാസം അല്ല അതിലൂടെ ഉണ്ടായത്. മറിച്ച്, പാർശ്വവൽകരിക്കപ്പെട്ട ജനതയെ പൊതുസമൂഹത്തിൽ നിന്നും, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ മൂലധന രൂപീകരണത്തിൽ നിന്നും അത് പുറന്തള്ളി.

**5.** ഇന്ത്യയിലെ ഏതൊരു വികസന പദ്ധതിയും വരേണ്യതയുടെ മൂടുപടം ഇട്ടുനിൽക്കുന്നതും ലാഭകേന്ദ്രീകൃതമായതുമാണ്. അതുകൊണ്ടുതന്നെ ഇതിലൊന്നും ഉൾപ്പെടാത്ത ഒരു വിഭാഗം ജനത, വികസന മാതൃകകളിൽ നിന്നും പുറത്താക്കുന്ന വിഭാഗങ്ങൾ സ്വയം പ്രതിരോധം തീർക്കുകയും അത്തരം പ്രതിരോധങ്ങൾ-അവ സംഘടനാ രൂപം ഉള്ളതാകാം, വ്യക്തി കേന്ദ്രീകൃതമാകാം-ശക്തിപ്പെടുകയും വേണം. അത്തരം പ്രതിരോധങ്ങൾക്കു മാത്രമേ ഈ വികസന മാതൃകയെ ചോദ്യം ചെയ്യാൻ കഴിയൂ. അത്തരം പ്രതിരോധങ്ങൾക്കൊപ്പം തന്നെ ചേർന്നു നിൽക്കുന്നു.

**(ഗവേഷക, ആക്ടിവിസ്റ്റ്)**

# അപര്യാപ്തത തുല്യമല്ലാത്ത വിതരണം കൂടിയാണ്

മാത്യു. എ. വർഗീസ്

**1.** വികസനം എന്ന വാക്കുതന്നെ നന്നായി അവലോകം ചെയ്യേണ്ട ഒന്നാണ്. ഞാൻ വികസനം എന്ന ആശയത്തെ വിഷലൈസ് ചെയ്യാനാണ് ശ്രമിക്കുന്നത്. പോസ്റ്റ് കൊളോണിയൽ ഡവലപ്മെന്റിന്റെ ആദ്യത്തെ ഘട്ടത്തിൽ നമുക്കുണ്ടായിരുന്ന ഒരു പ്രധാനപ്പെട്ട പദം 'പുരോഗതി' എന്നതായിരുന്നു. ആളുകളുടെ ജീവിതത്തിന് മുകളിൽ പല ആക്രമണങ്ങളും നടന്നിരുന്നെങ്കിൽപ്പോലും പുരോഗതിയിൽ ഉണ്ടായിരുന്ന ഒരു സങ്കൽപ്പം സാമൂഹികത എന്നതായിരുന്നു. പക്ഷെ വികസനം എന്നത് കൃത്യമായിട്ടും എൺപതുകൾക്കും തൊണ്ണൂറുകൾക്കും ശേഷം ഉയർന്നുവന്ന സാമ്പത്തിക ലോജിക്കുമായി ബന്ധപ്പെട്ടതാണ്. വികസനം എന്ന പദത്തിന്റെ ഇംഗ്ലീഷ് expansion ആണ്. expand ചെയ്തുകൊണ്ടിരിക്കുക എന്നതാണ് ലക്ഷ്യം. Expansion ഒപ്പം രണ്ടുവശത്തേക്കും നമ്മളെ തള്ളിമാറ്റുകകൂടി ചെയ്യുന്നുണ്ട്. മൂലധനത്തിന്റെ തന്നെ പുതിയ രീതിയാണത്. അങ്ങനെ തള്ളപ്പെട്ട് പുറത്തുപോകുന്ന